19
SUNDAY
# ദുബായ് വാർത്ത
www.dubaivartha.com
MAY 2019
A WHATSAPP NEWS PAPER
PAGE 1

## എക്സിറ്റ് പോൾ ഫലം;

## NDA ക്ക് മുൻതൂക്കം

റിപ്പബ്ലിക് : NDA(287), UPA(128), മറ്റുള്ളവർ (127)

ന്യൂസ് എക്സ് : NDA(298), UPA(118), മറ്റുള്ളവർ (126)

ടൈംസ് നൗ : NDA (306), UPA (132), മറ്റുള്ളവർ (104)

**ജൻ കി ബാത്ത് സർവ്വേ 296**

## കേരളം

ഇന്ത്യ ടുഡേ

UDF : 15 -16

LDF : 3 - 5

NDA : 0 - 1

ലോക്സഭാ തെരഞ്ഞെടുപ്പിൽ വീണ്ടും ബിജെപി അധികാരത്തിലെത്തുമെന്ന് ആദ്യ എക്സിറ്റ് പോൾ ഫലങ്ങൾ.

## പോളിങിനിടെ പശ്ചിമ ബംഗാളിലും പഞ്ചാബിലും വ്യാപക അക്രമം; പോളിംഗ് ബൂത്തിനു നേരെ ബോംബേറ്.






പഞ്ചാബിൽ കോൺഗ്രസ്സ് അകാലിദൾ പ്രവർത്തകർ ഏറ്റുമുട്ടി. വിവിധ ഇടങ്ങളിൽ തൃണമൂൽ കോൺഗ്രസ്സ് ബിജെപി പ്രവർത്തകർ തമ്മിൽ ഏറ്റുമുട്ടി. പഞ്ചാബിലെ ഖാദൂർ സാഹിബ് മണ്ഡലത്തിലാണ് വ്യാപകമായി അക്രമം റിപ്പോർട്ട് ചെയ്തത്.

## കല്ലട ബസ് കേസ് : തിരിച്ചറിയൽ പരേഡിന് ഹാജരാക്കുന്നതിന് മുമ്പ് പ്രതിക്ക് ജാമ്യം.




സംഭവത്തിലെ മൂന്നാം പ്രതിയും കല്ലട ബസിലെ ജീവനക്കാരനുമായിരുന്ന ജിതിനാണ് ജാമ്യം ലഭിച്ചത്. ഇയാൾക്ക് ജാമ്യം നൽകിയതിനെതിരെ തൃക്കാക്കര എ.എസ്.പി ഹൈക്കോടതിയിൽ ഹരജി സമർപ്പിച്ചു.

## സംഘർഷ സാധ്യത : സൗദി രാജാവ് അടിയന്തിര അറബ് യോഗം വിളിച്ചു.



യു എ ഇയിലെ ഫുജൈറ തീരത്ത് സൗദി അറേബ്യയുടെത് ഉൾപ്പെടെ 4 എണ്ണക്കപ്പലുകൾക്ക് നേരെയുണ്ടായ അട്ടിമറി ആക്രമണത്തിന്റെയും അരാംകോയുടെ 2 ഇന്ധന വിതരണ കേന്ദ്രങ്ങൾക്ക് നേരെയുണ്ടായ ഡ്രോൺ ആക്രമണത്തിന്റെയും പശ്ചാത്തലത്തിൽ സൗദി ഭരണാധികാരി സൽമാൻ രാജാവ് അറബ്-ഗൾഫ് നേതാക്കളുടെ അടിയന്തര യോഗം വിളിച്ചു.

# തീർത്ഥാടകരെ വഞ്ചിച്ച് ലക്ഷങ്ങളുമായി മുങ്ങിയ ട്രാവൽ ഏജൻസി ഉടമ കീഴടങ്ങി.




ഗ്ലോബൽ ഗൈഡ് ട്രാവൽസ് ഉടമ മണ്ണാർക്കാട് സ്വദേശി അക്ബർ അലിയാണ് കീഴടങ്ങിയത്. മലപ്പുറം, പാലക്കാട് ജില്ലകളിൽ നിന്ന് നൂറിലധികം തീർഥാടകരുടെ കൈയ്യിൽ നിന്നാണ് അക്ബർ അലി ക്യാഷ് തട്ടിയെടുത്തത്. പ്രതിയുടെ അറസ്റ്റ് പൊലീസ് രേഖപ്പെടുത്തി.

# കോൺഗ്രസ് എം.എൽ.എയുടെ വീടിന് സമീപം സ്ഫോടനം;



ബെംഗളൂരുവിൽ വ്യാലികവലിൽ കോൺഗ്രസ് എം.എൽ.എയുടെ വീടിന് സമീപമുണ്ടായ സ്ഫോടന ത്തിൽ ഒരാൾ കൊല്ലപ്പെട്ടു. സ്ഫോടനത്തിന് പിന്നിലെ കാരണം വ്യക്തമായിട്ടില്ല.

# മോദി കള്ളൻ ലാമ'യെന്ന് പ്രകാശ് രാജ്: ഈ ഫാഷൻ ഷോയ്ക്കൊക്കെ പണം ചെലവക്കുന്നതാര് ?



**മോദിക്കെതിരെ വീണ്ടും ചോദ്യങ്ങളുമായി ട്വിറ്ററിൽ നടൻ പ്രകാശ്‌രാജ്.**
'ഒരു പേഴ്സ് പോലുമില്ലാത്ത സന്യാസിയുടെ ക്യാമറ ടീമിനും, വസ്ത്രങ്ങൾക്കും ഫാഷൻ ഷോയ്ക്കും കാശ് ചിലവക്കുന്നതാര് 'എന്ന കാപ്ഷനോട് കൂടെയാണ് മോദിയുടെ കേദർനാദ് ചിത്രങ്ങൾ പ്രകാശ്‌രാജ് ഷെയർ ചെയ്തു കൊണ്ട് ചോദിച്ചിരിക്കുന്നത്.

# ദുബായ് എക്സ്പോ; 16 മണിക്കൂർ സന്ദർശന സമയം




2020 ഒക്ടോബർ 20 മുതൽ 2021 ഏപ്രിൽ 10 വരെ നടക്കുന്ന ദുബായ് എക്സ്പോയിൽ ദിവസം 16 മണിക്കൂർ സന്ദർശകരെ സ്വീകരിക്കും. രാവിലെ 9 മുതൽ പുലർച്ചെ 1 വരെയാണ് സാധാരണ ദിവസങ്ങളിലെ സന്ദർശന സമയം.

# ഇറാൻ പ്രശ്നം രൂക്ഷം: വിമാനങ്ങൾക്ക് മുന്നറിയിപ്പ്



**പേർഷ്യൻ കടലിടുക്കിന് മുകളിലൂടെ യാത്രികരുമായി പറക്കുന്ന വിമാനങ്ങൾക്ക് അമേരിക്കയുടെ മുന്നറിയിപ്പ്.** ഇറാനുമായുള്ള പ്രശ്നം രൂക്ഷമായതിനെത്തുടർന്ന് ഇവ യുദ്ധവിമാനങ്ങളെന്ന് തെറ്റിദ്ധരിക്കപ്പെടാൻ സാധ്യതയുണ്ടെന്നാണ് മുന്നറിയിപ്പ്.

# സ്വർണ കടത്തുക്കേസ്;
## തിരുവനന്തപുരത്തെ ജൂവല്ലറി മാനേജരുടെ വീട്ടിൽ റെയ്ഡ്



തിരുവനന്തപുരം വിമാനത്താവളം വഴി സ്വർണം കടത്തിയ കേസിൽ തലസ്ഥാനത്തെ ജൂവല്ലറി മാനേജരായ ഹക്കീമിന്റെ വീട്ടിൽ റവന്യൂ ഇന്റലിജൻസ് ഉദ്യോഗസ്ഥർ റെയ്ഡ് നടത്തി. മലപ്പുറം സ്വദേശിയായ ഹക്കീം ഒളിവിലാണ്.

# പ്രവാസികൾക്ക് സന്തോഷവാർത്ത:
## കണ്ണൂരിൽ നിന്ന് ഗൾഫ് നാടുകളിലേക്ക്
## പുതിയ സർവീസുകൾ പ്രഖ്യാപിച്ച് ഗോ എയർ



**മെയ് 31 മുതലാണ് പുതിയ സർവീസുകൾ തുടങ്ങുക.** മസ്കറ്റ്, അബുദാബി എന്നിവിടങ്ങളിലേക്കും തിരിച്ചും എല്ലാ ദിവസവും സർവീസ് നടത്താനാണ് കമ്പനിയുടെ ആലോചന.

# തെരഞ്ഞെടുപ്പ് ഫല പ്രഖ്യാപനം വരെ സുരക്ഷാ സംവിധാനങ്ങൾ തുടരാൻ നിർദേശം.



കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിനാണ് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ ഇതു സംബന്ധിച്ച് നിർദേശം നൽകിയത്. പശ്ചിമ ബംഗാൾ അടക്കമുള്ള സംസ്ഥാനങ്ങളിൽ പ്രത്യേക ശ്രദ്ധ വേണമെന്നും വോട്ടെണ്ണൽ കേന്ദ്രങ്ങളുടെ സുരക്ഷ കൂടുതൽ ശക്തമാക്കണമെന്നും തെരഞ്ഞെടുപ്പ് കമ്മീഷൻ നിർദേശം നൽകിയിട്ടുണ്ട്.

## യു എ ഇയിലെ ഇന്നത്തെ നോമ്പുതുറസമയം

| ദുബായ് | അബുദാബി | ഷാർജ | അജ്മാൻ | ഫുജൈറ | റാസ് അൽഖൈമ | ഉമ്മൽ ഖുവൈൻ |
|---|---|---|---|---|---|---|
| 7.01 PM | 7.05 PM | 7.01 PM | 7.01 PM | 6.55 PM | 6.57 PM | 6.57 PM |